**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1051</u>** **<u>12-06-2024 - ൽ മറുപടിയ്ക്ക്</u>**

**<u>വല്ലാർപാടം - പനമ്പുകാട് റിംഗ് ബണ്ട് റോഡ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയുടെയും ട്രിഡയുടെയും ധനസഹായത്തോടെ നിർമ്മിക്കുന്നതിനായി ഭരണാനുമതി ലഭിച്ചിട്ടുള്ള വല്ലാർപാടം പനമ്പുകാട് റിംഗ് ബണ്ട് റോഡിന്റെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും അതിന് സ്വീകരിച്ചിട്ടുള്ള നടപടികളും വ്യക്തമാക്കാമോ; | (എ) | വല്ലാർപാടം പനമ്പുകാട് റിംഗ് ബണ്ട് റോഡിന്റെ നിർമ്മാണത്തിന് കിഫ്ബി ഫണ്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രവൃത്തിയുടെ പ്രാധാന്യവും ആയത് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയും കണക്കിലെടുത്ത് 24.11.2023-ൽ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ കിഫ്ബി ആസ്ഥാനത്ത് നടന്ന അവലോകന യോഗത്തിൽ പ്രസ്തുത പ്രവൃത്തി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന്റെ നിരീക്ഷണത്തിൽ ഇറിഗേഷൻ വകുപ്പ് മുഖേന കിഫ്ബി ഫണ്ടിംഗ് വിനിയോഗിച്ച് ഡെപ്പോസിറ്റ് വർക്കായി നിർവ്വഹിക്കാൻ വീണ്ടും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | 2012-ൽ ട്രിഡയും തുടർന്ന് കിഫ്ബി ഇരുപത് കോടി ധനസഹായം അനുവദിച്ച പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ വരുത്തുന്ന കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ; | (ബി) | വല്ലാർപാടം പനമ്പുകാട് റിംഗ് ബണ്ട് റോഡിന്റെ നിർമ്മാണത്തിന് കിഫ്ബി ഫണ്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രവൃത്തിയുടെ പ്രാധാന്യവും ആയത് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയും കണക്കിലെടുത്ത് 24.11.2023-ൽ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ കിഫ്ബി ആസ്ഥാനത്ത് നടന്ന അവലോകന യോഗത്തിൽ പ്രസ്തുത പ്രവൃത്തി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന്റെ നിരീക്ഷണത്തിൽ ഇറിഗേഷൻ വകുപ്പ് മുഖേന കിഫ്ബി ഫണ്ടിംഗ് വിനിയോഗിച്ച് ഡെപ്പോസിറ്റ് വർക്കായി നിർവ്വഹിക്കാൻ വീണ്ടും തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ഇതിന്റെ ഡിസൈൻ എന്നത്തേക്ക് തയ്യാറാക്കാൻ സാധിക്കുമെന്നും പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ; | (സി) | ഡിസൈൻ 2024 ജൂലൈ 31 നകം പൂർത്തിയാക്കാൻ കഴിയുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ ഡിസൈന്റെ അംഗീകാരത്തിനായി 28.03.2022- ന് ഐ.ഡി.ആർ.ബി-ക്ക് സമർപ്പിച്ച സി.എസ്-എ.ഡി10/499/2022 നമ്പർ ഫയലിൽ നാളിതുവരെ | (ഡി) | പ്രസ്തുത പദ്ധതിയുടെ ഡിസൈൻ ലഭ്യമാക്കുന്നതിനായി ഉൾനാടൻ ജലഗതാഗതവും, കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി യോട് |

| | | | |
|---|---|---|---|
| | നടപടി സ്വീകരിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ? | | ആവശ്യപ്പെട്ടതിനെത്തുടർന്ന് ടി പദ്ധതിയുടെ ഡിസൈൻ പ്രവൃത്തികൾ ചെയ്തുവരികയാണ്. |

സെക്ഷൻ ഓഫീസർ